ഉണ്ണിക്ക് കിട്ടിയ സമ്മാനം



ഒരു മനോഹരമായ ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ ഉണ്ണിയെന്നൊരു ചെറിയ കുട്ടിയുണ്ടായിരുന്നു. ഒരു ദിവസം അവന്റെ പിറന്നാളിന്റെ തലേദിവസം അവൻ അച്ഛനുമമ്മയും എന്ത് സമ്മാനമാണാവോ നാളെ തനിക്ക് തരികയെന്ന് ആലോചിച്ചു.

അങ്ങനെ പിറന്നാൾ ദിവസമെത്തി. സമ്മാനത്തിനായി അവൻ കാത്തിരുന്നു. അപ്പോൾ അവന്റെ അമ്മ ഒരു റൂമിലേക്ക് പോകുന്നത് അവൻ കണ്ടു. അവിടെ അവന്റെ അച്ഛനുമുണ്ടായിരുന്നു. അത് കണ്ടപ്പോൾ അവന് സന്തോഷമായി. ഉണ്ണിയുടെ പിറന്നാളാണ്, അവന് എന്തെങ്കിലും സമ്മാനം കൊടുക്കണമെന്ന് അമ്മ പറയുന്നത് അവൻ കേട്ടു. അവർ കടയിൽ പോയി അവനൊരു ഗിഫ്റ്റ് വാങ്ങി. തിരികെ വന്നവൻ വേഗത്തിൽ ബോക്സ് തുറന്നു. വെളുത്തൊരു പട്ടിക്കുട്ടിയുടെ ബൊമ്മയായിരുന്നു അത്. അവന് നല്ല സന്തോഷം തോന്നി. അവൻ അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ച് ഉമ്മ നൽകി.

ഫാത്തിമത്ത് ഷബീല
ക്ലാസ് 4
എ.ജെ.ബി.എസ്, ഏൽക്കാനം
കാസർഗോഡ്



മുഹമ്മദ് ഇർഫാൻ ടി എൻ,
ക്ലാസ് 2, പടിഞ്ഞാറക്കര
എൽ.പി സ്കൂൾ, ഒറ്റപ്പാലം



ഫാത്തിമ ബത്തൂൽ, ക്ലാസ് 5
മൗണ്ട് ഹിറ ഇംഗ്ലീഷ് സ്കൂൾ



ഇബാദുറഹ്മാൻ, ക്ലാസ് 1
വാദിഹുദ, പഴയങ്ങാടി



ഫായിസ് മുഹമ്മദ് കെ
എം.ഇ.എസ് സെൻട്രൽ സ്കൂൾ തിരൂർ

പേന

വാക്കുകളെ പകർത്തുന്ന
ഭംഗിയായി അലങ്കരിക്കുന്ന
കവിയുടെ
ആത്മമിത്രമാണ് ഞാൻ.
വിദ്യ എന്ന ദാഹം
അന്വേഷിച്ച് അലയുന്നവന്റെ
താക്കോലാണു ഞാൻ.
സ്വാതന്ത്ര്യ സമരത്തിൽ പോരാളികളെ
ഉത്തേജിപ്പിച്ചവനാണ് ഞാൻ.
ഞാൻ മനുഷ്യനല്ല, കിളിയല്ല,
എന്നാൽ, പുസ്തകത്താളുകളിൽ
അലഞ്ഞു നടക്കുമ്പോൾ എന്റെ
ജീവിതം അർത്ഥവത്താകുന്നു
അന്ധനായ ബധിരനായ ഞാൻ,
ഒരു നിമിഷത്തേക്ക് അതല്ലാതാകുന്നു.
ഞാൻ ആദരിക്കപ്പെട്ടിരിക്കുന്നു,
ഗ്രന്ഥങ്ങളിലൂടെ,
ഞാൻ ഓടുന്നു താളുകളിലൂടെ,
മറ്റുള്ളവരുടെ ജീവിതത്തെ
അർത്ഥപൂരിതമാക്കാൻ.

അംന അനാൻ എം. എം
ക്ലാസ് 8
എഫ്.എം.സി.ടി.എച്ച്.എസ്,
കരുമല്ലൂർ





അറിവിന്റെ മഹത്വം

മനുഷ്യനെ ഉയർച്ചയിലേക്കും നന്മയിലേക്കും അറിവ് നയിക്കുന്നു. അറിവിന്റെ ഈ മഹത്വത്തെ ഒരു പേനയുടെ ആത്മ കഥയിലൂടെ വെളിവാക്കുന്നു ഈ ലഘത്തിലെ കവിത. കവിയുടെ കൈയിൽ അലങ്കാരങ്ങൾ നിർമിക്കുന്നവനായും പോരാളിയുടെ നാ വായും അന്വേഷകന്റെ ജിജ്ഞാസ പേറുന്നവനാ യും അത് മാറുന്നത് എങ്ങിനെയെന്ന് കവിത മനോ ഹരമായി ആവി ക്ഷരക്കിന്നുന്നു. ഈ കവിതയെഴു തിയ കൂട്ടുകാരന്റെ പ്രതിഭയെ അഭിന്ദിക്കാതെ വയ്യ ജീവൻ തുടിക്കുന്ന ഒരു കവിത തന്നെ ഇത്.

ഉണ്ണിയുടെ സമ്മാനം എന്ന കഥയും നന്ന്. വളരെ ശുഭകരമായ പരിണാമമാണ് ആ കഥയിൽ.

സസ്നേഹം

● മാഷ്